സാക്ഷരതാമിഷന്റെ പ്രവർത്തനവും പുനരവലോകന നടപടികളും

88 [1493] . ശ്രീ. ബിനോയ് വിശ്വം:

,, പി. എസ്. സുപാൽ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; ഈ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സാക്ഷരതാമിഷനിലെ ജീവനക്കാരുടെ മൊത്തം എണ്ണം എത്ര; ഓരോ തസ്തികയിലും എത്ര വീതം;

(സി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ട്;

(ഡി) സാക്ഷരതാ മിഷന്റെ പ്രവർത്തനം പുനരവലോകനം നടത്തി ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ കീഴിൽ തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 4000 വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാക്ഷരതാപരിപാടി, തുല്യതാ പരിപാടി, വരുമാനവർദ്ധക പരിപാടികൾ, ജീവിതഗുണനിലവാര വർദ്ധക പരിപാടികൾ, വ്യക്തിഗത താല്പര്യപോഷണ പരിപാടികൾ എന്നിവയാണ് കേന്ദ്രങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ. തുല്യതാ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 4, 7 ക്ലാസുകൾക്ക് തുല്യമായ വിദ്യാഭ്യാസം വിദ്യാകേന്ദ്രങ്ങളിലൂടെ നൽകിവരുന്നുണ്ട്. 10-ാം തരം തുല്യതാ പരിപാടിയുടെ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ക്ലാസുകൾ ഉടൻ ആരംഭിക്കും. സംസ്ഥാന സാക്ഷരതാമിഷന്റെ ഇവാലുവേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേന്ദ്രങ്ങളുടെ പ്രവർത്തനം റാന്റമായി വിലയിരുത്തലിന് വിധേയമാക്കാറുണ്ട്. 2004 നവംബർ മാസത്തിൽ നടന്ന വിലയിരുത്തലിന്റെ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) സാക്ഷരതാമിഷനിലെ ജീവനക്കാരുടെ മൊത്തം എണ്ണം 71 ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ദേശീയ സാക്ഷരതാമിഷനിൽ നിന്നും പ്രതിവർഷം ഗ്രാന്റായി ലഭിക്കുന്ന 12 കോടി രൂപ ഇപ്പോൾ ചെലവഴിക്കുന്നുണ്ട്.

(ഡി) ദേശീയ സാക്ഷരതാമിഷന്റെയും സംസ്ഥാന സർക്കാരിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സാക്ഷരതാമിഷൻ പ്രവർത്തിക്കുന്നത്. സാക്ഷരതാമിഷന്റെ കീഴിലുള്ള തുടർ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള ഇവല്യൂവേഷൻ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ച് സാക്ഷരതാമിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly